# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.41

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബിയിൽ സമ്പൂർണ്ണ ഓഡിറ്റ്

| ചോദ്യം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ.ബഷീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) മറ്റ് സർക്കാർ വകുപ്പുകളിൽ ചെയ്യുന്നതുപോലെ കിഫ്ബിയിലെ പണമിടപാടുകൾ സമയക്രമം നിശ്ചയിച്ച് നിയമപ്രകാരമുള്ള നിർബന്ധിത ഓഡിറ്റിന് വിധേയമാക്കാൻ അനുമതി നൽകണമെന്ന് സി.ആന്റ് എ.ജി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | കിഫ്ബിയുടെ എല്ലാ വരവു ചെലവുകളും C&AG ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടു തവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി&എജി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2) ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി&എജി ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി&എജിയുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിങ് ആണ് എന്നുള്ളത് സി&എജിയുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽ തന്നെ |

| | |
|---|---|
| | വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിനു പ്രസക്തിയില്ല. |
| (ബി) ഈ രീതിയിലാണോ നിലവിൽ കിഫ്ബിയിലെ ഓഡിറ്റ് നടക്കുന്നതെന്ന് അറിയിക്കുമോ; | സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിങ് കിഫ്ബിയിൽ രണ്ട് തവണ നടക്കുകയുണ്ടായി. കൂടാതെ കിഫ് ആക്ട് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ്ങും കിഫ്ബിയിൽ നടക്കുന്നുണ്ട്. |
| (സി) സി. ആന്റ് എ.ജി.യുടെ നിർദ്ദേശം അംഗീകരിച്ച് കിഫ്ബിയിൽ സമ്പൂർണ്ണ ഓഡിറ്റ് നടത്താൻ സർക്കാർ അനുമതി നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ? | കിഫ്ബിയുടെ എല്ലാ വരവുകളും ചെലവുകളും സംബന്ധിച്ച C&AG ഓഡിറ്റ് 2 തവണ ഇതിനോടകം നടന്നിട്ടുണ്ട്. സെക്ഷൻ 14(1) പ്രകാരം രണ്ടു തവണ സി&എ.ജി കിഫ്ബിയിൽ ഓഡിറ്റ് നടത്തിയിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പടെ എല്ലാ രേഖകളും പരിശോധിക്കുവാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്. സമഗ്രവും വിശാലവുമായ തലത്തിൽ C&AG ഓഡിറ്റ് നടത്തുന്നതിന് ഒരു ഘടകവും വിഘാതമായിട്ടില്ല. |

**ജോയിന്റ് സെക്രട്ടറി**